
വിശകലനം

എം.സി.എ നാസർ

# ജിന്നക്ക് ശാപമോക്ഷം ബി.ജെ.പിക്ക് ശേഷക്രിയ



■ ജിന്നയെക്കുറിച്ച് ജസ്വന്ത് സിംഗ് എഴുതിയ പുസ്തകം

**"പാർട്ടി** ചരടു പൊട്ടിയ പട്ടം പോലെയാണിപ്പോൾ. പാർട്ടിയധ്യക്ഷൻ രാജ്നാഥ് സിംഗാകട്ടെ, ആലീസ് ഇൻ 'ബ്ലണ്ടർ ലാന്റി'ലുമാണ്"-രണ്ട് ലോക്സഭാ തെരഞ്ഞെടുപ്പുകളോടെ ബി.ജെ.പി അകപ്പെട്ട പ്രതിസന്ധിയുടെ ആഴവും പരപ്പും വെളിപ്പെടുത്തുന്നതാണ് അരുൺ ഷൂരി നടത്തിയ പ്രതികരണം. ബി.ജെ.പിയിൽ നിന്ന് തഴയപ്പെടുന്നതിന്റെ സങ്കടവും ഈർഷ്യയും ഷൂരിയെ ഇങ്ങനെയൊക്കെ പറയാൻ പ്രേരിപ്പിച്ചിരിക്കാം. എന്നാൽ ദിശയും ആശയവും നഷ്ടപ്പെട്ട ഒരവസ്ഥയിലേക്ക് ദേശീയ രാഷ്ട്രീയത്തിലെ ഒരു മുഖ്യപ്രതിപക്ഷ പാർട്ടി എത്തിനിൽക്കുമ്പോൾ ഈ വിലയിരുത്തൽ തീർത്തും ശരിയാണ്. പക്ഷേ, 'ആർ.എസ്.എസിനെ വിളിക്കൂ, ബി.ജെ.പിയെ രക്ഷിക്കൂ' എന്ന് ഷൂരി പറയുമ്പോൾ പാർട്ടിയെ പോലെ അദ്ദേഹവും എത്തിനിൽക്കുന്ന പ്രതിസന്ധി നമുക്ക് ബോധ്യപ്പെടും.

ഈ പ്രതിസന്ധിക്ക് രാഷ്ട്രീയവും ധാർമികവുമായ നിരവധി കാരണങ്ങളുണ്ട്. ഷിംലയിൽ സമ്മേളിച്ച 'ചിന്തൻ ബൈഠക്' പക്ഷേ, ഇതൊന്നും ചർച്ചക്കെടുത്തില്ല. 'ജസ്വന്ത് സിംഗ് നിഗ്രഹം' പൂർത്തിയാക്കിയും ആർ.എസ്.എസ് പ്രതിബദ്ധത ആവർത്തിച്ചുറപ്പിച്ചും പഴയ അതേ ശൂന്യതയിലേക്ക് വീണ്ടും ഇറങ്ങി നടക്കുകയായിരുന്നു പാർട്ടി നേതൃത്വം. ശേഷക്രിയ കാത്തുകഴിയുന്ന ഒരു രാഷ്ട്രീയ പാർട്ടിയുടെ ദുർവിധിയാണിപ്പോൾ പാർട്ടിക്കു മേൽ നിഴലിടുന്നത്. നേതാക്കൾ പക്ഷേ ഇപ്പോഴും സ്വപ്നലോകത്തു തന്നെയാണ്.

**തെരഞ്ഞെടുപ്പ് പരാജയവും തുടർ സംഭവങ്ങളും ബി.ജെ.പിയെ ദേശീയ രാഷ്ട്രീയത്തിൽ കൂടുതൽ തളർത്തിയിരിക്കുകയാണ്. മെച്ചം ലഭിക്കുമെന്നു കരുതിയാണ് ഓരോ തീരുമാനവും കൈക്കൊള്ളുന്നത്. എന്നാൽ കൂടുതൽ ആപത്കരമായ അവസ്ഥകളാണ് ഇവ സമ്മാനിക്കുന്നത്. അധികാര നഷ്ടം മാത്രമല്ല ദിനംപ്രതി പ്രതിഛായ നഷ്ടവും പാർട്ടിയെ ഒഴിയാബാധ പോലെ പിന്തുടരുന്നു.**

## ജനസംഘ് മുതൽ ബി.ജെ.പി വരെ

എഴുപതുകളിൽ ഭാരതീയ ജനസംഘിന്(ബി.ജെ.എസ്) രാഷ്ട്രീയത്തിൽ കാര്യമായ ചലനമൊന്നും സൃഷ്ടിക്കാൻ കഴിഞ്ഞിരുന്നില്ല. ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതോടെ ജനസംഘിന് സോഷ്യലിസ്റ്റുകളുമായി കൈകോർക്കാൻ അവസരം ലഭിച്ചു. ജയിലിൽ അടക്കപ്പെട്ട ജയപ്രകാശ് നാരായണന്റെ അനുകൂലികൾക്ക് ജനസംഘ് നേതാക്കളുമായി ആത്മബന്ധം സ്ഥാപിക്കാനും അവസരമായി. എന്നാൽ ആർ.എസ്.എസിന്റെ മനസ്സിൽ അപ്പോഴും സ്വന്തം നിലക്കുള്ള രാഷ്ട്രീയ പാർട്ടി തന്നെയായിരുന്നു ഉണ്ടായിരുന്നത്. എൺപതുകളിൽ ബി.ജെ.പിക്ക് രൂപംനൽകുമ്പോൾ ആർ.എസ്.എസിന്റെ പൂർണ ആശീർവാദമുണ്ടായി. സ്വതന്ത്ര പാർട്ടിയിൽ പ്രവർത്തിച്ച ജസ്വന്ത് സിംഗും സോഷ്യലിസ്റ്റ് ധാരയോട് ആഭിമുഖ്യം പുലർത്തിയ സുഷമ സ്വരാജും മറ്റുമാണ് ആർ.എസ്.എസ് പശ്ചാത്തലം ഇല്ലാതിരുന്ന ആദ്യകാല നേതാക്കളിൽ ചിലർ.

തൊണ്ണൂറുകളോടെ ദേശീയ രാഷ്ട്രീയത്തിൽ രൂപപ്പെട്ട പ്രത്യേക ഇടം ബി.ജെ.പിക്ക് തുണയാവുന്നതാണ് കണ്ടത്. ഹിന്ദുത്വ മുദ്രാവാക്യങ്ങളിലൂടെ പാർട്ടി ഇന്ത്യയിലെ മധ്യവർഗ വോട്ടർമാരിൽ സ്വാധീനം ചെലുത്തി. കോൺഗ്രസ്സിന്റെ ശക്തിക്ഷയവും സോഷ്യലിസ്റ്റുകളുടെ ശൈഥില്യവും ഒരു പരിധി വരെ പാർട്ടിക്ക് ഗുണകരമായും മാറി. രണ്ടംഗങ്ങളിൽ നിന്ന് മൂന്നക്ക സംഖ്യയിലേക്കു വരെ പാർലമെന്റിൽ അംഗബലം ഉയർന്നു. ഏറ്റവും വലിയ ഒറ്റക്കക്ഷിയായി മാറിയെങ്കിലും ഭൂരിപക്ഷം ഉറപ്പാക്കാൻ അതു മാത്രം പോരെന്നു വന്നു. പ്രാദേശിക കക്ഷികളുടെ സഹകരണം തേടാനായി അടുത്ത നീക്കം. മൂന്നാം മുന്നണിയുടെ അടിത്തറ ശിഥിലമാവുകയും ഏകകക്ഷി ഭരണമെന്ന വൈകാരിക പ്രതിപത്തിയിൽ കോൺഗ്രസ് ഉറച്ചു നിൽക്കുകയും ചെയ്തപ്പോൾ ബി.ജെ.പിക്ക് കാര്യങ്ങൾ എളുപ്പമായി. വാജ്പേയിയുടെ മിതവാദ നിലപാടും വ്യക്തിത്വവും ദേശീയ രാഷ്ട്രീയത്തിൽ അപ്രതീക്ഷിത രാഷ്ട്രീയ സമവായങ്ങൾക്ക് വേദിയായി. ചന്ദ്രബാബു നായിഡുവിന്റെ തെലുങ്കുദേശവും ജനതാദളും(യുണൈറ്റഡ്) ഒറീസയിലെ ബിജു ജനതാദളും മാത്രമല്ല ദ്രാവിഡ രാഷ്ട്രീയ പ്രസ്ഥാനമായ അണ്ണാ ഡി.എം.കെയും സഹായ വാഗ്ദാനവുമായി രംഗത്തുവന്നു. ദേശീയ ജനാധിപത്യ സഖ്യം (എൻ.ഡി.എ) രൂപംകൊണ്ടപ്പോൾ കാവിരാഷ്ട്രീയത്തിന്റെ പ്രായോഗിക വിജയമായി മാധ്യമങ്ങൾ കൊണ്ടാടി. ബി.ജെ.പിയുടെ ഹിന്ദുത്വ അജണ്ടയെ മാറ്റിവെച്ച് എൻ.ഡി.എക്ക് പൊതുമിനിമം പരിപാടി വന്നു. എന്നാൽ വൈരുധ്യങ്ങൾക്കു മേൽ ഒപ്പിച്ചെടുത്ത ഈ കൂട്ടായ്മ അധിക കാലമൊന്നും നീണ്ടുനിന്നില്ല.

വാജ്പേയിയുടെ പിന്മാറ്റവും ബി.ജെ.പിയിൽ അദ്വാനി ഉൾപ്പെടെയുള്ളവരുടെ പിടിമുറുക്കലും മാത്രമല്ല കോൺഗ്രസിനുണ്ടായ അപ്രതീക്ഷിത ഉണർവും എൻ.ഡി.എ സഖ്യത്തെ പൊളിച്ചതിന്റെ കാരണങ്ങളിൽ ചിലതാണ്. സംഘ് ഒളിയജണ്ടകൾക്ക് കീഴൊതുങ്ങുന്ന ബി.ജെ.പിക്കൊപ്പം കൂടുതൽ മുന്നോട്ടു പോയാൽ തങ്ങളുടെ അടിത്തറ തകരുമെന്ന തിരിച്ചറിവാണ് സഖ്യകക്ഷികളെ പതിയെ പിൻവലിയാൻ പ്രേരിപ്പിച്ചത്. വാജ്പേയിയിൽ നിന്നും അദ്വാനിയിലേക്കുള്ള അകലം അത്ര ചെറുതല്ലെന്ന തിരിച്ചറിവും സഖ്യകക്ഷി നേതാക്കൾക്കുണ്ടായി. ഗുജറാത്ത് കലാപ വേളയിൽ നരേന്ദ്ര മോഡിക്കെതിരെ നടപടി കൈക്കൊള്ളണമെന്ന് വാജ്പേയി ആവശ്യപ്പെട്ടെങ്കിലും അദ്വാനി വഴങ്ങിയില്ലെന്ന ജസ്വന്ത് സിംഗിന്റെ പുതിയ വെളിപ്പെടുത്തൽ ശ്രദ്ധിക്കുക. സത്യത്തിൽ ഗുജറാത്ത് കലാപമാണ് ബി.ജെ.പി സഖ്യകക്ഷികളെ മാറി ചിന്തിക്കാൻ പ്രേരിപ്പിച്ചതിൽ പ്രധാന ഘടകം. മുസ്‌ലിംകളുടെ വെറുപ്പാണ് നായിഡുവിന്റെ തെലുങ്കുദേശം പോലുള്ള പാർട്ടികൾക്ക് തിരിച്ചടിയായതും.

## ശൂന്യത, ശൂന്യത മാത്രം

കഴിഞ്ഞ രണ്ട് ലോക്സഭാ തെരഞ്ഞെടുപ്പുകളിലേറ്റ തിരിച്ചടി വലിയൊരു ശൂന്യതയാണ് ബി.ജെ.പിക്കു മുന്നിൽ ബാക്കിയിടുന്നത്. നേതൃത്വം ശരിക്കും പതറുകയാണ്. വിമത നീക്കം ഒരിക്കലും ഇല്ലാത്ത വിധം ശക്തിയാർജിച്ചതും ഈ പതർച്ചയുടെ തുടർച്ച തന്നെ. വസുന്ധരക്കും ഖണ്ഡൂരിക്കും ഷൂരിക്കും മുമ്പിൽ പതറുന്ന രാജ്നാഥ് സിംഗ് നയിക്കുന്ന ബി.ജെ.പി എന്ന കേഡർ(?) രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ അവസ്ഥ ഏറെ പരിതാപകരമാണ്. പാർട്ടി അകപ്പെട്ട ദുരന്തം എത്ര വലുതാണെന്ന് ഓരോ ദിവസവും പുറത്തുവരുന്ന വാർത്തകൾ നമ്മോട് പറയുന്നുണ്ട്.

ഹിന്ദുത്വ വികാരം സ്ഥായിയായ ഒന്നല്ലെന്ന് തിരിച്ചറിയുന്നതിൽ പാർട്ടി പരാജയപ്പെട്ടു. അടവുനയങ്ങൾ പലതും കൈക്കൊണ്ടതാണ്. പക്ഷേ, ഒന്നും ഏശിയില്ല. രാജ്യത്തെ ന്യൂനപക്ഷ വിഭാഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട മുസ്‌ലിംകളെ അകറ്റി നിർത്തി കേന്ദ്രാധികാരം ഉറപ്പിക്കുക എളുപ്പമല്ലെന്ന് വൈകിയാണ് നേതാക്കളിൽ പലരും തിരിച്ചറിയുന്നത്. വാജ്പേയിക്ക് ഇത് കുറച്ചൊക്കെ ബോധ്യമുണ്ടായിരുന്നു. എട്ടു വർഷം മുമ്പ് ദലിതനായ ബങ്കരു ലക്ഷ്മണയെ ബി.ജെ.പി പ്രസിഡന്റ് സ്ഥാനത്തേക്ക് കൊണ്ടു വരാൻ വാജ്പേയി ഉത്സാഹിച്ചതും കൃത്യമായ ചില രാഷ്ട്രീയ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടായിരുന്നു. യു.പിയിലും മറ്റും ശക്തിയാർജിച്ച ദലിത്-മുസ്‌ലിം രാഷ്ട്രീയത്തിന്റെ സാധ്യതകളും വാജ്പേയി തിരിച്ചറിഞ്ഞിരിക്കണം.

പാർട്ടിയധ്യക്ഷനായി തെരഞ്ഞെടുത്ത ഉടൻ ബങ്കരു ലക്ഷ്മൺ നടത്തിയ പ്രസംഗം ശ്രദ്ധേയമാണ്: "1967ൽ ദീനദയാൽ ഉപാധ്യായ പറഞ്ഞതു തന്നെയാണ് എനിക്കും ഓർമിപ്പിക്കാനുള്ളത്. മുസ്‌ലിംകളുടെ മാംസം നമ്മുടെ മാംസമാണ്, അവരുടെ രക്തം നമ്മുടെ തന്നെ രക്തമാണ്."

എന്നാൽ *തെഹൽക*യുടെ ഒളികാമറക്കു മുമ്പിൽ ബങ്കരു കുടുങ്ങുകയും നാണംകെട്ട രീതിയിൽ പടിയിറങ്ങേണ്ടി വരികയും ചെയ്തു. അതോടെ വാജ്പേയി മനസ്സിൽ കണ്ടതു പലതും പാളി. തുടർന്ന് നരേന്ദ്ര മോഡി യുഗത്തിലേക്ക് ബി.ജെ.പി പതിയെ വഴിമാറുകയായിരുന്നു. മോഡി ആവിഷ്കരിച്ച ഗുജറാത്ത് കലാപം മുസ്‌ലിംകളെ ബി.ജെ.പിക്കൊപ്പം നിർത്താനുള്ള എല്ലാ ശ്രമങ്ങളെയും ദയനീയമായി പരാജപ്പെടുത്തി. ഗുജറാത്ത് അതോടെ ഹിന്ദുത്വത്തിന്റെ പരീക്ഷണശാലയായി മാറിയെന്നതു ശരിയായിരിക്കാം. എന്നാൽ രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ പാർട്ടിയുടെ പ്രതീക്ഷകൾ അടിക്കടി തകർന്നടിയുന്ന സാഹചര്യമാണ് നാം കണ്ടത്. പതിറ്റാണ്ടുകൾ ഇന്ത്യ ഭരിച്ചതിലൂടെ കോൺഗ്രസ് സ്വന്തമാക്കിയ അഴിമതിയും സ്വജനപക്ഷപാതിത്വവും ദുർഭരണവും എത്രയെളുപ്പം 'വേറിട്ട പാർട്ടി'ക്ക് ചാവടിയന്തരം നടത്താൻ അവസരമൊരുക്കി എന്നതും പഠിക്കേണ്ടതുണ്ട്.

വിഭജനാനന്തര ഇന്ത്യയിൽ മുസ്‌ലിംകൾ വല്ലാതെ അകറ്റപ്പെട്ടുവെന്നും അവരുടെ കണ്ണുകളിൽ കൂടുകൂട്ടിയിരിക്കുന്ന വിഷാദം ഏറെ വേദനാജനകമാണെന്നും ജസ്വന്ത് സിംഗ് കുമ്പസരിക്കുന്നു. ശരി തന്നെ. പക്ഷേ, അതിന്റെ കാരണക്കാർ ആരെന്ന് കൂടി ഇവർ തന്നെ നമുക്ക് പറഞ്ഞു തരേണ്ടതല്ലേ.

**'ജസ്വന്ത് സിംഗ് നിഗ്രഹം' പൂർത്തിയാക്കിയും ആർ.എസ്.എസ് പ്രതിബദ്ധത ആവർത്തിച്ചുറപ്പിച്ചും പഴയ അതേ ശൂന്യതയിലേക്ക് വീണ്ടും ഇറങ്ങി നടക്കുകയായിരുന്നു ബി.ജെ.പി നേതൃത്വം. ശേഷക്രിയ കാത്തുകഴിയുന്ന ഒരു രാഷ്ട്രീയ പാർട്ടിയുടെ ദുർവിധിയാണിപ്പോൾ പാർട്ടിക്കു മേൽ നിഴലിടുന്നത്. നേതാക്കൾ പക്ഷേ ഇപ്പോഴും സ്വപ്നലോകത്തു തന്നെയാണ്.**

ഏതായാലും അത് മുഹമ്മദലി ജിന്ന അല്ലെന്ന് ജസ്വന്ത് സിംഗ് പറഞ്ഞുവെച്ചിരിക്കുന്നു. ഗാന്ധിജിയും നെഹ്റുവും സർദാർ പട്ടേലും മാത്രം ആകാനിടയില്ല. പതിറ്റാണ്ടുകളായി വർഗീയ കലാപങ്ങളിലൂടെയും നീതിനിഷേധത്തിലൂടെയും വ്യാജപ്രചാരണങ്ങളിലൂടെയും പരാധീനതകളിലേക്ക് ഈ ജനസഞ്ചയത്തെ തള്ളിവിട്ടതിൽ കാവിസംഘത്തിന് ഒട്ടും അപ്രധാനമല്ലാത്ത പങ്കാണുള്ളതെന്ന് ജസ്വന്ത് സിംഗ് തുറന്നു സമ്മതിക്കണമായിരുന്നു. അതുണ്ടായില്ല.

### ഷിംലയിൽ കണ്ടതും കേട്ടതും

തെരഞ്ഞെടുപ്പ് പരാജയവും തുടർസംഭവങ്ങളും ബി.ജെ.പിയെ ദേശീയ രാഷ്ട്രീയത്തിൽ കൂടുതൽ തളർത്തിയിരിക്കുകയാണ്. മെച്ചം ലഭിക്കുമെന്നു കരുതിയാണ് ഓരോ തീരുമാനവും കൈക്കൊള്ളുന്നത്. എന്നാൽ കൂടുതൽ ആപത്കരമായ അവസ്ഥകളാണ് ഇവ സമ്മാനിക്കുന്നത്. അധികാര നഷ്ടം മാത്രമല്ല ദിനംപ്രതി പ്രതിഛായ നഷ്ടവും പാർട്ടിയെ ഒഴിയാബാധ പോലെ പിന്തുടരുന്നു. തൊണ്ണൂറുകളിൽ അശോക റോഡിലെ പാർട്ടി ആസ്ഥാനത്ത് തിരക്കൊഴിഞ്ഞ നേരമുണ്ടായിരുന്നില്ല. അധികാര മോഹികളുടെ തള്ളിച്ചയായിരുന്നു ഇവിടെ. ഇപ്പോഴാകട്ടെ, ഒരു മരണവീടിന്റെ നിസ്സംഗത പാർട്ടി ആസ്ഥാനത്തെ ചൂഴ്ന്നു നിൽക്കുന്നു. ആഹ്ലാദത്തിന്റെ വെടിക്കെട്ടുത്സവം പകർത്തിയ അതേ ടെലിവിഷൻ കാമറകൾ ഇന്ന് പാർട്ടിയകപ്പെട്ട പരിഹാസ്യതയുടെ പ്രതികരണങ്ങൾ തേടിയാണ് നിരന്നു നിൽക്കുന്നത്.

ഇലക്ഷൻ പരാജയത്തിന്റെ കാരണങ്ങൾ വിലയിരുത്താനും ഭാവി നടപടികൾ സ്വീകരിക്കാനുമാണ് ഷിംലയിൽ 'ചിന്തൻ ബൈഠക്' വിളിച്ചു ചേർത്തത്. ആഴത്തിലുള്ള വിശകലനങ്ങൾക്ക് ഷിംലയിൽ സാധ്യത കുറവാണെന്ന് ആർക്കും അറിയാമായിരുന്നു. പാർട്ടി അകപ്പെട്ട പ്രതിസന്ധിക്ക് താൽക്കാലിക പരിഹാരമെങ്കിലും ഉരുത്തിരിയുമെന്ന് ചിലരെങ്കിലും കരുതി. എന്നാൽ ജിന്നയാണ് എല്ലാം കീഴ്മേൽ മറിച്ചത്. വിഭജനം നടന്ന് ആറു പതിറ്റാണ്ടു കഴിഞ്ഞിട്ടും പാകിസ്താൻ ശിൽപിയായ ജിന്ന ഇന്ത്യൻ രാഷ്ട്രീയത്തെ വിടാതെ പിന്തുടരുന്നു എന്നതു തന്നെ ഒരു ഐറണിയാണ്. പാകിസ്താൻ പോലും രാഷ്ട്രപിതാവായ ജിന്നയെ ഇത്രമാത്രം ഓർക്കുന്നുണ്ടാകില്ല. ഇന്ത്യയിലെ വലതുപക്ഷ രാഷ്ട്രീയ ചിന്തയിൽ സ്വാഭാവികമായും ഒരു വില്ലൻ റോളിനപ്പുറം ലഭിക്കാൻ അർഹതയില്ലാതിരുന്ന ജിന്ന എങ്ങനെ അതിന്റെ മുഖ്യധാരയിൽ ഇപ്പോഴും വാഴ്ത്തപ്പെട്ടവനായി മാറുന്നു എന്നത് അമ്പരപ്പുളവാക്കുന്ന സംഗതിയാണ്.

ജസ്വന്ത് സിംഗ് എഴുതിയ *ജിന്ന-ഇന്ത്യ, വിഭജനം, സ്വാതന്ത്ര്യം* എന്ന പുസ്തകത്തോടുള്ള പ്രതികരണം ബി.ജെ.പി നേരിടുന്ന കാലിക പ്രതിസന്ധി എത്ര തീവ്രമാണെന്ന് വെളിപ്പെടുത്തുന്നു. കഴിഞ്ഞ അഞ്ചു വർഷമായി ജസ്വന്ത് ജിന്നയുടെ ആത്മകഥയുടെ ജോലിയിലാണ്. അദ്വാനി ഉൾപ്പെടെ എല്ലാ ബി.ജെ.പി നേതാക്കൾക്കും അറിയുന്ന വസ്തുതയുമാണിത്. ആഗസ്റ്റ് 17-ന് പുസ്തകം പ്രകാശനം ചെയ്യുന്ന വിവരം ക്ഷണക്കത്തു രൂപത്തിൽ എല്ലാ നേതാക്കൾക്കും ലഭിച്ചതുമാണ്. പൊടുന്നനെ ഉണ്ടായ പ്രകോപനമല്ല ജസ്വന്ത് സിംഗിനെ പുറത്താക്കാനുള്ള തീരുമാനമെന്നുറപ്പ്. പുസ്തക പ്രകാശന ചടങ്ങിൽ നിന്ന് അരുൺ ജെറ്റ്ലിയും മറ്റും അവസാന നിമിഷമാണ് വിട്ടുനിൽക്കാൻ തീരുമാനിച്ചത്.

ആർ.എസ്.എസുകാരനല്ലാത്ത ജസ്വന്ത് സിംഗിനെ കുറച്ചു കാലമായി സംഘടന നോട്ടമിട്ടിരിക്കുകയാണ്. ജിന്നാസ്തുതി മാത്രമല്ല ഗുജറാത്തിന്റെ അഭിമാനമായി നരേന്ദ്ര മോഡി ഉയർത്തി കാട്ടുന്ന സർദാർ പട്ടേലിനെ കുറിച്ച പരാമർശങ്ങളും ഉടൻ പുറത്താക്കലിന് കാരണമാണ്. മോഡി ഇറങ്ങിക്കളിച്ചു. ശിവസേനാ നേതാവ് താക്കറെ പിന്തുണ നൽകി. എന്നിട്ടും ഷിംല യോഗത്തിൽ പങ്കെടുക്കാൻ പുറപ്പെടും വരെ ജസ്വന്ത് സിംഗിനോട് പുറത്താക്കൽ തീരുമാനം നേതാക്കൾ മിണ്ടിയില്ല. ട്രെയിനിലും കാറിലുമായി ദൽഹിയിൽ നിന്നും ഷിംലയിലെത്തിയ നേരത്താണ് ജസ്വന്ത് സിംഗിനെ ഫോണിൽ വിളിച്ച് യോഗത്തിൽ പങ്കെടുക്കേണ്ടതില്ലെന്ന് രാജ്നാഥ് സിംഗ് അറിയിക്കുന്നത്. അൽപം കഴിഞ്ഞപ്പോൾ പാർട്ടിയിൽ നിന്ന് പുറത്താക്കിയ വിവരവും അറിയിക്കുകയായിരുന്നു. 'നേരിട്ട് ഇക്കാര്യം അറിയിക്കാനുള്ള മര്യാദ പോലും പാർട്ടി കാണിച്ചില്ല'-ജസ്വന്ത് സിംഗ് സങ്കടംകൊണ്ടു. ഏതാണ്ട് 700 പേജ് വരുന്ന ജസ്വന്ത് സിംഗിന്റെ പുസ്തകം വായിച്ച ശേഷമായിരുന്നില്ല തീരുമാനം. രാജ്യത്തെ വിഭജിച്ചതിൽ ജിന്നക്കുള്ള പങ്ക് സുവിദിതമാണെന്നും സർദാർ പട്ടേലിനെതിരായ പരാമർശങ്ങൾ പാർട്ടിയുടെ പ്രഖ്യാപിത നിലപാടിന് വിരുദ്ധമാണെന്നും പറഞ്ഞ് നേതൃത്വം നടപടി ന്യായീകരിക്കുകയായിരുന്നു. എന്നാൽ ബി.ജെ.പി നേതൃത്വത്തെ കടന്നാക്രമിച്ച അരുൺ ഷൂരിയോട് തൽക്കാലം വിശദീകരണം ചോദിച്ചാൽ മാത്രം മതിയെന്നായിരുന്നു പാർട്ടി തീരുമാനം!

പാർട്ടിക്കു മേൽ കൂടുതൽ പിടിമുറുക്കാൻ ആർ.എസ്.എസ് ഇതിനകം തീരുമാനിച്ചിരുന്നു. ആർ.എസ്.എസ് മേധാവി മോഹൻ റാവത്ത് ഒരു ചാനലിന് നൽകിയ അഭിമുഖത്തിൽ പരോക്ഷമായി ഇതു സൂചിപ്പിക്കുകയും ചെയ്തു. യുവനേതൃത്വം പാർട്ടിക്ക് ആവശ്യമാണെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം.

### വൈരുധ്യങ്ങൾ വേട്ടയാടുമ്പോൾ

ജസ്വന്ത് സിംഗിനെതിരെയുള്ള കടുത്ത നടപടി അച്ചടക്കലംഘനം ആരു നടത്തിയാലും പൊറുപ്പിക്കില്ലെന്ന സന്ദേശമാണ് നൽകുന്നതെന്ന് ബി.ജെ.പി നേതാക്കൾ വിശദീകരിച്ചു. എന്നാൽ രാജസ്ഥാനിൽ കലാപക്കൊടി ഉയർത്തിയ വസുന്ധര രാജ സിന്ധ്യയോട് പ്രതിപക്ഷ നേതൃസ്ഥാനത്തു നിന്ന് മാറിനിൽക്കാൻ രാജ്നാഥ് സിംഗ് ആവശ്യപ്പെട്ടിട്ടും അവർ കുലുങ്ങിയില്ല. അനുകൂലികളായ എം.പിമാരെയും കൂട്ടി ദൽഹിയിൽ വന്ന് ഉപാധികൾ മുന്നോട്ടു വെക്കുകയായിരുന്നു വസുന്ധര. മദൻ ലാൽ ഖുറാന, ക

ല്യാൺ സിംഗ്, ഉമാഭാരതി– നിരവധി നേതാക്കൾക്കെതിരെ മുമ്പും നടപടി ഉണ്ടായതാണ്. രാഷ്ട്രീയമായി തരക്കേടില്ലാത്ത അവസ്ഥയിലായിരുന്നു അന്നൊക്കെ പാർട്ടി. അതുകൊണ്ടു തന്നെ പ്രത്യാഘാതവും ദുർബലമായിരുന്നു. ഇന്നിപ്പോൾ അധികാര നഷ്ടം വിമതശബ്ദത്തിന് കൂടുതൽ കനം വെപ്പിച്ചിരിക്കുന്നു. കുൽക്കർണി രാജിവെച്ചു. യശ്വന്ത് സിൻഹ ഉടക്കി നിൽക്കുന്നു. ബി.സി ഖണ്ഡൂരി കലാപത്തിന് കോപ്പു കൂട്ടുന്നു. രാജ്നാഥ് സിംഗും അദ്വാനിയും അരുൺ ജെറ്റ്ലിയും ഉൾപ്പെട്ട ബി.ജെ.പി അധികാര കേന്ദ്രത്തെയാണ് വിമതർ ലക്ഷ്യമിടുന്നത്. ഉത്തർഖണ്ഡ് മുഖ്യമന്ത്രി രമേശ് പൊക്രിയാൽ, ലോക്സഭയിലെ പാർട്ടി ഉപാധ്യക്ഷ സുഷമ സ്വരാജ്, കർണാടക മുഖ്യമന്ത്രി ബി.എസ് യെദിയൂരപ്പ, ഹിമാചൽ മുഖ്യമന്ത്രി പ്രേംകുമാർ ധുമൽ, ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്ര മോഡി, ഛത്തിസ്ഗഢ് മുഖ്യമന്ത്രി രമൻ സിംഗ്, മധ്യപ്രദേശ് മുഖ്യമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ എന്നിവർ ആശയപരമായി ആർ.എസ്.എസ്സിനോട് ചേർന്നുനിൽക്കുന്നവരാണ്. ഹിന്ദുത്വം തന്നെയാണ് പാർട്ടിയിൽ മേൽക്കൈ നേടുന്നത്.

ലോക്സഭാ തെരഞ്ഞെടുപ്പു പരാജയ കാരണങ്ങൾ വിലയിരുത്താൻ രൂപം നൽകിയ ബാൽ ആംപ്തെ സമിതി റിപ്പോർട്ട് പോലും തള്ളിപ്പറയുകയായിരുന്നു ബി.ജെ.പി നേതൃത്വം. പാർട്ടി നേതൃത്വത്തിന്റെ പിഴവുകളാണ് ഇലക്ഷൻ പരാജയത്തിന് വഴിയൊരുക്കിയ പ്രധാന ഘടകമെന്നായിരുന്നു സമിതി കണ്ടെത്തൽ. ആംപ്തെ റിപ്പോർട്ട് മാധ്യമങ്ങൾക്ക് ചോർന്നുകിട്ടിയപ്പോൾ അങ്ങനെ റിപ്പോർട്ട് തന്നെ ഇല്ലെന്നു പറയേണ്ടിവന്നു രാജ്നാഥ് സിംഗിന്. വല്ലാത്തൊരു ദുരന്തം!

പാർട്ടിയുടെ ഇലക്ഷൻ പ്രചാരണ കാമ്പയിൻ മാനേജറായ അരുൺ ജെയ്റ്റ്ലിയെ രാജ്യസഭാ പ്രതിപക്ഷ നേതാവാക്കി മാറ്റുകയായിരുന്നു ബി.ജെ.പി. രാജീവ് ഗാന്ധിയോട് കൂറു പുലർത്തിയ എസ്.എസ് അഹ്ലുവാലിയക്കും കിട്ടി രാജ്യസഭാ ഉപാധ്യക്ഷ പദവി. അതേ സമയം വിയോജിപ്പുകൾ രേഖപ്പെടുത്തിയതാണ് ജസ്വന്ത് സിംഗ് മുതൽ ശാന്തകുമാറിന് വരെ തിരിച്ചടിയായത്.

ആശയതലത്തിലുള്ള തകർച്ചയും ദിശാബോധമില്ലായ്മയും പാർട്ടിയെയും നേതാക്കളെയും വല്ലാതെ പരിഹാസ്യമാക്കുമ്പോഴും ഒന്നും സംഭവിച്ചില്ലെന്ന് വരുത്തിതീർക്കാനാണ് നേതാക്കളുടെ ശ്രമം. ഇന്ത്യയെ ഒന്നായി കാണാനുള്ള വിശാലതയില്ലായ്മയുടെ വിലയാണ് ബി.ജെ.പി ഇപ്പോൾ ഒടുക്കുന്നത്. അത് തിരുത്താതെ രക്ഷയില്ല. നേതൃവടംവലിയോ അഭിപ്രായഭിന്നതയോ ആയി ഇതിനെ ലളിതവത്കരിച്ചതു കൊണ്ടായില്ല. ■